II അടിയന്തിരപ്രമേയം

ഇടുക്കി ജില്ലയിലെ പാമ്പാടും പാറ ഗ്രാമപഞ്ചായത്ത് മെമ്പർ ബിന്ദുവിന്റെ മരണം സംബന്ധിച്ച്

മി. സ്പീക്കർ: ഇടുക്കി ജില്ലയിലെ പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട മെമ്പർ ബിന്ദു ദേവകുമാർ സംശയകരമായ സാഹചര്യത്തിൽ മരണപ്പെട്ടതിനെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ബിനോയ് വിശ്വം, കെ. കെ. ജയചന്ദ്രൻ, സി. കെ. നാണു, പി. സി. ജോർജ്, എ. സി. ഷൺമുഖദാസ്, വി. സി. കബീർ, എ. എ. അസീസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. [9-30 A.M.]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇടുക്കി നെടുങ്കണ്ടത്ത് പാമ്പാടുംപാറ പഞ്ചായത്തിലെ പതിനൊന്നാം വാർഡ് മെമ്പറും സി. പി. ഐ. പ്രവർത്തകയുമായ ബിന്ദു ദേവകുമാർ 14-3-2005-ന് അവരുടെ വീട്ടുപറമ്പിൽ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. ഇക്കാര്യത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. തെളിവ് നശിപ്പിക്കാൻ ശ്രമിച്ചു എന്നതിന്റെ പേരിൽ അവിടത്തെ പഞ്ചായത്ത് പ്രസിഡന്റ് ജയപ്രസാദെന്ന ആളിനെ പോലീസ് കസ്റ്റഡിയിൽ എടുത്ത് ചോദ്യം ചെയ്തു വരികയാണ്. ബിന്ദുവിന്റെ ശരീരം പോസ്റ്റുമോർട്ടത്തിനുവേണ്ടി കോട്ടയം മെഡിക്കൽ കോളേജിൽ കൊണ്ടുവന്നിരിക്കുകയാണ്. ആത്മഹത്യ എന്നാണ് ഇപ്പോൾ വന്നിരിക്കുന്നത്. പോസ്റ്റ് മോർട്ടവും അതിനുശേഷമുള്ള രാസപരിശോധനയും കഴിഞ്ഞാൽ മാത്രമേ മരണകാരണങ്ങളെക്കുറിച്ച് ഔദ്യോഗികമായി പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. ബിനോയ് വിശ്വം: അങ്ങേയറ്റത്തെ ഗൗരവത്തോടുകൂടി, നിറഞ്ഞ ദുഃഖത്തോടുകൂടിയാണ് ഞാൻ സഭയ്ക്കുമുമ്പാകെ 'ബിന്ദു ദേവകുമാർ എന്ന് പേരായ 26 വയസ്സ് പ്രായമുള്ള പട്ടികജാതി കുടുംബത്തിലെ പെൺകുട്ടിയുടെ ദാരുണമായ അന്ത്യത്തെപ്പറ്റി പറയുന്നത്. ബിന്ദു ദേവകുമാർ എൽ. ഡി. എഫ്. സ്ഥാനാർത്ഥിയായി പാമ്പാടുംപാറ പഞ്ചായത്തിൽ ജയിച്ച കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകയാണ്. പാമ്പാടുംപാറ പഞ്ചായത്തിൽ ആറ് യു. ഡി. എഫ്. അംഗങ്ങളും അഞ്ച് എൽ. ഡി. എഫ്. അംഗങ്ങളുമാണ് ഇപ്പോഴുള്ളത്. എന്നാൽ പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്തത് എൽ. ഡി. എഫ്. അംഗത്തെയായിരുന്നു. കാരണം ആ പഞ്ചായത്തിലെ പ്രസിഡന്റ് സ്ഥാനം എസ്. സി. വിഭാഗത്തിന്റെ സംവരണമാണ്. അങ്ങനെ എസ്. സി. സംവരണത്തിൽപ്പെടുത്തി പ്രസിഡന്റാകാൻ ആരും യു. ഡി. എഫ്.-ൽ ഇല്ലാത്തതിനാൽ എൽ. ഡി. എഫ്.-ലെ ജയപ്രസാദിനെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ജയപ്രസാദ് സി. പി. ഐ. പ്രവർത്തകനായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രസിഡന്റായിക്കഴിഞ്ഞപ്പോൾ ആ പെറുപ്പക്കാരന് എല്ലാ വഴിവിട്ട കാര്യങ്ങളും ശീലമായി മാറി. അഴിമതി, അസാന്മാർഗ്ഗിക പ്രവൃത്തികൾ തുടങ്ങിയ എല്ലാത്തിന്റേയും തടവുകാരനായി മാറിയ ജയപ്രസാദിനെ പ്രസ്തുത പാർട്ടി ആറ് മാസത്തിനുമുമ്പ് പുറത്താക്കി. പാവപ്പെട്ട കുടുംബങ്ങൾക്കുള്ള ഗ്യാസ് വിതരണത്തിൽ കാണിച്ച നഗ്നമായ അഴിമതിയെച്ചൂണ്ടിക്കാട്ടി പാർട്ടി ജയപ്രസാദിനെ പുറത്താക്കുക മാത്രമല്ല, പ്രസിഡന്റ് സ്ഥാനം ഒഴിഞ്ഞുപോകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ജയപ്രസാദ് ഉടനെതന്നെ യു.ഡി.എഫുമായി കൂട്ടുചേർന്നുകൊണ്ട് അധികാരക്കസേരയിൽ അള്ളിപ്പിടിക്കാൻ ശ്രമിച്ചു. അങ്ങനെയുള്ള ജയപ്രസാദിനെ പുറത്താക്കിയ എൽ. ഡി. എഫ്.-ഉം സ്ഥാനം ഒഴിയണമെന്ന് പറഞ്ഞു. പാർട്ടിയുടെതന്നെ അംഗമായ ബിന്ദു ദേവകുമാർ ജയപ്രസാദിന് സ്ഥാനം ഒഴിയണമെന്നാവശ്യപ്പെട്ട് വിപ്പ് കൊടുത്തു. ജയപ്രസാദ് അത് ലംഘിച്ചത് ചൂണ്ടിക്കാണിച്ചുകൊണ്ട് തെരഞ്ഞെടുപ്പ് കമ്മീഷന്റെ മുമ്പാകെ ഇപ്പോൾ ഒരു ഹർജിയുണ്ട്. ഒരു തെളിവെടുപ്പ് കഴിഞ്ഞ് ഇരുപത്തിയൊന്നാം തീയതി രണ്ടാമത്തെ ഹിയറിംഗാണ്. നിർണ്ണായകമായ ഹിയറിംഗിന് ഏഴു നാൾ മാത്രം ബാക്കിയുള്ളപ്പോഴാണ് സ്വന്തം വീട്ടുവളപ്പിന്റെ തൊടിയിൽ ബിന്ദു ദേവകുമാർ മരിച്ചുകിടക്കുന്ന കാഴ്ച എല്ലാപേരും കണ്ടത്. ഇത് ശരിക്കുള്ള മരണമല്ലെന്ന് എല്ലാപേർക്കും അറിയാം. ഇത് ഒന്നുകിൽ കൊലപാതകമാണ്. അല്ലെങ്കിൽ ആരുടേയോ സമ്മർദ്ദത്തെത്തുടർന്നുണ്ടായ ആത്മഹത്യയാണ്. എല്ലാ വിരലുകളും ചൂണ്ടുന്നത് അഴിമതിക്കാരനായ, അധികാരത്തിനുവേണ്ടി പാർട്ടിയെ വഞ്ചിച്ച ജയപ്രസാദെന്ന് പേരായ പ്രസിഡന്റിനുനേരെയാണ്. പ്രസിഡന്റിനെ ഭരണകക്ഷിയാണ് ഇപ്പോൾ സംരക്ഷിക്കുന്നത്. സംഭവം ഉണ്ടായപാടേ പ്രസിഡന്റ് അവിടെയെത്തി. ബിന്ദുവിന്റെ ശരീരത്തിലുണ്ടായിരുന്ന ഒരു കത്ത് പ്രസിഡന്റും വൈസ് പ്രസിഡന്റും അപ്പോൾത്തന്നെ എടുത്തുകൊണ്ടുപോയി. ജനങ്ങൾ അത് കണ്ടു. അവിടെ കൂടിയ ജനങ്ങളെല്ലാം വിളിച്ചു പറഞ്ഞു പ്രസിഡന്റ് കത്തെടുത്തുകൊണ്ടുപോയി എന്ന്. പ്രസിഡന്റ് അത് ഏത് കത്ത് എന്ത് കത്ത് എന്ന് ചോദിച്ചു. അവസാനം അവിടെ കൂടിയ ജനങ്ങളും രാഷ്ട്രീയ പ്രവർത്തകരും സി. പി. ഐ. ജില്ലാ സെക്രട്ടറി സഖാവ് ശ്രീധരനും എല്ലാം ഇടപെട്ടു. പോലീസിനേയുംകൂട്ടി ചോദ്യം ചെയ്തു. അപ്പോൾ പ്രസിഡന്റ് പറഞ്ഞു, കത്തുണ്ടായിരുന്നു, ഞാൻ ആ കത്ത് പഞ്ചായത്ത് ഓഫീസിലെ ക്ലോസെറ്റിൽ ഇട്ടിരിക്കുകയാണെന്ന്. ക്ലോസെറ്റിൽനിന്നും ഇപ്പോൾ ആ കത്ത് കണ്ടെടുത്തിരിക്കുകയാണ്. എങ്ങനെ നോക്കിയാലും ഇതൊരു സംശയകരമായ മരണമാണ്. അഴിമതിക്കെതിരെയുള്ള സമരത്തിൽ സ്വന്തം പാർട്ടിയുടെ നിലപാട് ഉയർത്തിപ്പിടിച്ചു എന്ന കുറ്റം മാത്രമാണ് ബിന്ദു ദേവകുമാർ കാണിച്ചത്. അതിന്റെ പേരിലാണ് ബിന്ദു ദേവകുമാറിന് മരണപ്പെടേണ്ടി വന്നത്. പൊതുജീവിതത്തിലെ സംശുദ്ധി അത് എല്ലാപേരും മാനിക്കേണ്ട കാര്യമാണ്. ഇത് എൽ.ഡി.എഫ്.-യു.ഡി.എഫ്. പ്രശ്നമല്ല. പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്ന മറുപടി വ്യാജമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയോട് അനാദരവ് കാണിക്കരുത്. നമുക്ക് എല്ലാപേർക്കും എത്തിപ്പിടിക്കാൻ ബാദ്ധ്യതയുള്ള ഒന്നാണ്. ജനങ്ങൾക്കുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട എല്ലാ ജനപ്രതിനിധികളും അവരുടെ അദ്ധ്വാനം, അവസാനത്തെ കൂറ് ജനങ്ങൾക്കുവേണ്ടിയായിരിക്കണം. ജനങ്ങൾക്ക് അവകാശപ്പെട്ട സ്വത്ത്, സമ്പത്ത്, ഗ്യാസ്, ആനുകൂല്യങ്ങൾ, അവകാശങ്ങൾ അതെല്ലാം ഏതെങ്കിലും പ്രമാണിമാർക്കുവേണ്ടി വഴിവിട്ട് വിൽക്കാൻ ഒരു പ്രസിഡന്റ്, അങ്ങനെ ചെയ്തു എങ്കിൽ ആ പ്രസിഡന്റ് അയോഗ്യനാണ്. അത് പറയാൻ എൽ. ഡി. എഫ്. തയ്യാറായി. എൽ. ഡി. എഫ്. അത് പറഞ്ഞപ്പോൾ അടുത്ത നിമിഷം ആ ജയപ്രസാദിനെ യു. ഡി. എഫ്. വന്ന് വാരിപ്പുണർന്ന് യു. ഡി. എഫ്.-ലേയ്ക്ക് മാറ്റി.

മി. സ്പീക്കർ: രാഷ്ട്രീയ ചർച്ച വേണ്ട. ഇതൊരു സബ്മിഷന്റെ കാര്യമേയുള്ളൂ. അങ്ങ് പറഞ്ഞതുകൊണ്ടാണ്. കാട് കയറരുത്. സംഗതിയുടെ ഗൗരവം കുറയ്ക്കരുത്.

ശ്രീ. ബിനോയ് വിശ്വം: എൽ.ഡി.എഫ്., യു.ഡി.എഫ്. പ്രശ്നമല്ല. ഇത് പൊതുജീവിതത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അടക്കം എല്ലാപേരും ഉയർത്തിപ്പിടിക്കേണ്ട മൂല്യങ്ങളുടെ വിഷയമാണ്. ഇവിടെ മൂല്യങ്ങൾക്കുവേണ്ടി പടപൊരുതിയ പടയാളിയാണ് ബിന്ദു ദേവകുമാർ. ബിന്ദു ദേവകുമാറിന് ഇതിന്റെ പേരിൽ മരിക്കേണ്ടി വന്നിരിക്കുന്നു. ശരിക്കു പറഞ്ഞാൽ ഒരു രക്തസാക്ഷിയെന്ന് പറയേണ്ടി വന്നിരിക്കുന്നു. ന്യായത്തിനും നീതിക്കും വേണ്ടി നിലകൊണ്ടു എന്നതു മാത്രമാണ് ബിന്ദു ദേവകുമാർ കാണിച്ച കുറ്റം. ബിന്ദു ദേവകുമാറിന്റെ മരണത്തിന് കാരണക്കാരനായ ജയപ്രസാദിനെ ഇപ്പോൾ സംരക്ഷിക്കുന്നത് പോലീസാണ്. പോലീസ് അയാളെ കൂട്ടിക്കൊണ്ടുപോയത് ഏതോ വി. ഐ. പി.-യെ കൂട്ടിക്കൊണ്ടുപോകുന്നതു പോലെയാണ്. ബിന്ദു ദേവകുമറിന്റെ മരണത്തിന് കാരണക്കാരനായ ജയപ്രസാദിനെ ഒറ്റ ദിവസംപോലും കസ്റ്റഡിയിൽ വയ്ക്കാൻ പോലീസ് തയ്യാറായിട്ടില്ല. ഇന്നലെ വൈകുന്നേരം അയാളെ വിട്ടയയ്ക്കുകയാണ് ചെയ്തത്. ഇത് പറയേണ്ടേ? ഇത് ഈ സഭയിൽ അറിയിക്കേണ്ടേ? ഈ സന്ദർഭത്തിൽ കുറ്റവാളിയായ ജയപ്രസാദിനെ ശിക്ഷിച്ചേ മതിയാകൂ. കൊലപാതകക്കുറ്റമല്ലെങ്കിൽ ആത്മഹത്യക്കു പ്രേരിപ്പിക്കുന്ന കുറ്റം. കുറ്റവാളിയെ സംരക്ഷിക്കുന്ന നിലപാടാണ് ഇപ്പോൾ പോലീസ് കൈക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് പാമ്പാടുംപാറയിലെ ഒരു ഹരിജൻ കുടുബത്തിലെ നീതിക്കും ന്യായത്തിനുംവേണ്ടി പോരാടിയ ഒരു പടയാളിക്കുണ്ടായ ദുരന്തം എല്ലാപേർക്കും ഒരു പാഠമാണ്. പൊതുരംഗത്ത് വരുന്ന യുവതികൾ വേട്ടയാടപ്പെടുകയാണ്. ഈ വേട്ടയ്ക്ക് പരിഹാരമുണ്ടായില്ലെങ്കിൽ, ഈ വേട്ടക്കാരെ പിടികൂടിയില്ലെങ്കിൽ അനവധി പഞ്ചായത്തുകളിൽ, അനവധി ഗ്രാമങ്ങളിൽ പാവം പിടിച്ച സ്ത്രീകൾക്ക്,

LIBRARY ARCHIVES Kerala Legislative Assembly

അവർ എൽ. ഡി. എഫ്. ആകാം, യു. ഡി. എഫ്. ആകാം ഈ അനുഭവമുണ്ടാകും. അന്യായം കണ്ടാൽ, അത് മിണ്ടിപ്പോയാൽ അവർക്കെല്ലാം മരണം വരിക്കേണ്ടി വരും. അവിടുത്തെ പോലീസ് ഇപ്പോൾ കഥയുണ്ടാക്കുകയാണ്. അങ്ങേയ്ക്കറിയാമോ? അവിടുത്തെ പോലീസ് പറയുന്നു, ബിന്ദുവിന് ഒരു പ്രേമബന്ധം ഉണ്ടായിരുന്നുവെന്ന്. പ്രേമബന്ധമുണ്ടായാൽ അത് കുറ്റമാണോ? ബിന്ദുവിന് ഒരു കാമുകനുണ്ടെങ്കിൽ, പ്രേമബന്ധമുണ്ടെങ്കിൽ അത് കുറ്റമാണോ? അങ്ങയുടെ പോലീസ് പറയുന്നു, ബിന്ദുവിന് ഒരു കാമുകനുണ്ടെന്ന്. അവർക്ക് ഒരു പ്രണയമുണ്ടെന്ന്. ഞാൻ പറയുന്നു, ഒരു പെൺകുട്ടിക്ക് അന്തസ്സുള്ള, മാന്യമായ ഒരു പ്രണയമുണ്ടെങ്കിൽ അത് മഹത്വമാണെന്ന്. വഴിവിടാതെ, തെറ്റാതെ ഹൃദയമുള്ള ഒരു പെൺകുട്ടി ഒരു ചെറുപ്പക്കാരനെ പ്രേമിച്ചാൽ നല്ല കാര്യമാണെന്ന് ഞാൻ പറയും. പക്ഷേ അങ്ങയുടെ പോലീസ് പറയുന്നു, ബിന്ദുവിന് പ്രണയമുണ്ട്, ഒരു കാമുകനുണ്ടെന്ന്. പ്രണയമുണ്ടായാൽ, കാമുകനുണ്ടായാൽ കൊല്ലുമോ നിങ്ങൾ? അത് കുറ്റകൃത്യമാകുമോ? അങ്ങനെ പറയുന്ന പോലീസ് ആർക്കുവേണ്ടി വാദിക്കുന്നു? അതുകൊണ്ട് പ്രണയത്തിന്റെയും സ്നേഹത്തിന്റെയും പേര് പറഞ്ഞ് ഒരു പെൺകുട്ടിയെ മരണാനന്തരം കൊല്ലാൻ നടക്കുന്ന ആ ശ്രമത്തിൽ നിന്ന് അടിയന്തിരമായും പോലീസ് പിൻതിരിഞ്ഞ മതിയാകൂ. പോലീസിന്റെ പക്ഷപാതിത്വം അനീതിയുടെ ഭാഗത്താണ്. അതുകൊണ്ട് അനീതിക്കുവേണ്ടി ചൂട്ടുപിടിക്കുന്ന ഈ ക്രൂരകൃത്യം അവസാനിപ്പിച്ചുകൊണ്ട് കുറ്റവാളിയായ ജയപ്രസാദിനെ അടിയന്തിരമായും അറസ്റ്റ് ചെയ്ത് കൊലപാതകത്തിന് കേസെടുത്ത് ശിക്ഷിച്ച് പൊതുരംഗത്ത് വരുന്ന യു. ഡി. എഫ്.-കാരും എൽ. ഡി. എഫ്.-കാരുമായ എല്ലാ പെൺകുട്ടികളുടെയും മാനാഭിമാനങ്ങൾക്ക് രക്ഷ കൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറായേ മതിയാകൂ. അതുകൊണ്ട് സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ഞാൻ രാഷ്ട്രീയമൊന്നും പറയാനായിട്ട് ഉദ്ദേശിച്ചതല്ല. പക്ഷേ അങ്ങ് പറഞ്ഞപ്പോൾ ചില കാര്യങ്ങൾ പറയാൻ ഞാൻ നിർബന്ധിതനായി തീർന്നിരിക്കുകയാണ്. ജയപ്രസാദിനെ ആദർശത്തിന്റെ പേരിൽ നിങ്ങൾ പുറത്താക്കിയതൊന്നുമല്ല. ഭൂരിപക്ഷമില്ലാത്ത പഞ്ചായത്ത് സമിതിയിൽ ഒരു എഗ്രിമെന്റ് വച്ച് ജയപ്രസാദിനെ നിങ്ങൾ സ്ഥാനാർത്ഥിയാക്കി, പഞ്ചായത്ത് പ്രസിഡന്റാക്കി. നിങ്ങൾക്ക് ഭൂരിപക്ഷമില്ല, യു.ഡി.എഫ്.-നാണ് ഭൂരിപക്ഷം. എന്നിട്ടും നിങ്ങൾ ജയപ്രസാദിനെ രാജിവയ്പ്പിച്ചു. നിങ്ങൾ ആദർശത്തിന്റെ പേരിലൊന്നും അല്ല പ്രസിഡന്റിന്റെ സ്ഥാനം രാജി വയ്പ്പിച്ചത്. കാലാവധി വച്ച് രാജി വയ്പ്പിച്ചു. അങ്ങ് പറഞ്ഞപ്പോൾ.....

ശ്രീ. ബിനോയ് വിശ്വം: ഞാൻ പറയട്ടെ, പഞ്ചായത്തിന്റെ മൊത്തം കാലാവധി കഴിയാൻ ഏതാനും മാസമല്ലേ ബാക്കിയുള്ളൂ. ശരിക്കുപറഞ്ഞാൽ അഴിമതി കാണിച്ചതിന്റെ പേരിൽ പാർട്ടി നോട്ടീസ് കൊടുത്തു. ജയപ്രസാദ് ഉത്തരം പോലും തന്നില്ല.....(ബഹളം).....ഞാൻ പൂർത്തിയാക്കട്ടെ, അഴിമതി പലവട്ടം

LIBRARY ARCHIVES Kerala Legislative Assembly

കാണിച്ചപ്പോഴും തിരുത്താൻ വേണ്ടി അനവധി പ്രാവശ്യം അവസരം കൊടുത്തപ്പോൾ തിരുത്താതെ ഏറ്റവും ഒടുവിൽ ഗ്യാസ് വിതരണത്തിൽ വമ്പിച്ച അഴിമതിയും കൊള്ളയും കാണിച്ചപ്പോൾ പാർട്ടി പുറത്താക്കി. ഒന്നും മറച്ചുവയ്ക്കാനില്ല ഞങ്ങൾക്ക്.

ശ്രീ. ഉമ്മൻചാണ്ടി: അങ്ങ് യാഥാർത്ഥ്യം മറച്ചുവച്ചാൽ എനിക്ക് എന്തുചെയ്യാൻ പറ്റും.....(ബഹളം).....എഗ്രിമെന്റ് വച്ച്.....(ബഹളം)..... അങ്ങനെയൊന്നും പറഞ്ഞിട്ട് കാര്യമില്ല, ഇങ്ങോട്ട് പറഞ്ഞാൽ അങ്ങോട്ടും പറഞ്ഞിരിക്കും.....(ബഹളം).....

മി. സ്പീക്കർ: 'Supal, take your seat. അടിയന്തിരപ്രമേയം എല്ലാവർക്കും ചർച്ച ചെയ്യാനുള്ളതല്ല. ചില നടപടിക്രമങ്ങളുണ്ട്. Please take your seat.

ശ്രീ. ഉമ്മൻചാണ്ടി: ജയപ്രസാദിനെ കൊണ്ട് രാജിവയ്പ്പിച്ചു. എന്തിന്? അങ്ങനെയാണെങ്കിൽ നിങ്ങൾ ജയപ്രസാദിനെ പാർട്ടിയിൽ നിന്നും പുറത്താക്കിയിട്ടല്ലേ രാജിവയ്പ്പിക്കേണ്ടത്?.....(ബഹളം).....എന്ന്? അദ്ദേഹം പ്രസിഡന്റായതിന് ശേഷം.....(ബഹളം).....ജയപ്രസാദിനെ രാജിവയ്പ്പിച്ചതെന്തിനാണ്? എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ. ജയപ്രസാദ് രാജിവച്ചതിനുശേഷം വീണ്ടും സ്ഥാനാർത്ഥിയായി ജയിച്ചുവന്നപ്പോൾ നിങ്ങൾ പുറത്താക്കി. നിങ്ങളുടെ കൂടെ നിന്നാൽ എല്ലാം പരിശുദ്ധം. അവിടെ എല്ലാം ഭംഗിയായിട്ട് നടക്കും. നിങ്ങളുടെ പാർട്ടി വിപ്പ് ലംഘിച്ചാൽ തെറ്റ്. അങ്ങ് പറഞ്ഞതുകൊണ്ടുമാത്രം പറയുകയാണ്. ഇതിനകത്ത് ആര് കുറ്റം ചെയ്താലും കുറ്റവാളിയെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരും. ഇന്ന് പ്രാഥമിക പരിശോധനയിൽ വിഷം കഴിച്ച് ആത്മഹത്യ ചെയ്തതായിട്ടാണ് ബോദ്ധ്യപ്പെട്ടിരിക്കുന്നത്. പോസ്റ്റുമോർട്ടത്തിനുവേണ്ടി കോട്ടയം മെഡിക്കൽ കോളേജിൽ കൊണ്ടുവന്നിട്ടുണ്ട്. പോസ്റ്റുമോർട്ടം നടത്തും. രാസപരിശോധനകളൊക്കെ നടത്തിയതിനുശേഷം മാത്രമേ അവസാന തീരുമാനത്തിലെത്താൻ സാധിക്കുകയുള്ളു. ആത്മഹത്യ കുറിപ്പ് പോലീസ് കണ്ടെടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലും അന്വേഷണം തുടരും. ഒരു കാരണവശാലും ഇതിനകത്ത് ചെയ്തിട്ടുള്ള കുറ്റത്തിന് നിയമപരമായ നടപടിയുണ്ടാകാതിരിക്കില്ല. യാതൊരു ആശങ്കയും ഉണ്ടാകേണ്ടതില്ല. സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ: പഞ്ചായത്ത് പ്രസിഡന്റായ ജയപ്രസാദിന്റെ കാര്യത്തെ സംബന്ധിച്ച് അടിയന്തിരപ്രമേയം അവതരിപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ച് സംസാരിച്ചതിൽ ബഹുമാനപ്പെട്ട ബിനോയ് പറഞ്ഞ കാര്യത്തെ സംബന്ധിച്ച് രാഷ്ട്രീയം പറഞ്ഞു,

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഞാനും രാഷ്ട്രീയം പറയാൻ നിർബന്ധിതനാകുമെന്ന് അങ്ങ് പറഞ്ഞു. രാഷ്ട്രീയം പറയുന്ന സ്ഥിതി വന്നാൽ അതിന് മറുപടി സ്വാഭാവികമായിട്ടും പറയുമെന്ന് ആരും പ്രതീക്ഷിക്കും. അങ്ങനെ മറുപടിയും പറഞ്ഞോളൂ. പക്ഷേ ഇവിടെ പ്രശ്നം, ഒരു ഹരിജൻ പെൺകുട്ടി മരണത്തിനിരയായി. ആ കുട്ടി പഞ്ചായത്ത് മെമ്പറാണ്. മരിക്കാനിടയായതിൽ സംശയാസ്പദമായ കാര്യമെന്താണെന്ന് ചോദിച്ചാൽ, അവൾ എഴുതിവച്ചിരുന്ന കത്ത് ഇയാൾ പെട്ടെന്ന് അവിടെപ്പോയി എടുക്കുകയും എടുത്തോ എന്ന് പോലീസ് അന്വേഷിച്ചപ്പോൾ എടുത്തില്ല എന്ന് പറയുകയും ചെയ്തു. പിന്നീട് ചോദ്യം ചെയ്തപ്പോൾ എടുത്തു എന്നുപറഞ്ഞിട്ട് കക്കൂസിലിട്ട് മറവ് ചെയ്യാൻ ശ്രമിച്ചു.. ഇപ്പോഴത് എടുത്തിട്ടുണ്ടെന്നും പറഞ്ഞു. ഇത്തരത്തിലുള്ള അയാളുടെ സമീപനം നോക്കിയാൽത്തന്നെ അയാൾ ഒരു കുറ്റവാളിയുടെ പരിഭ്രമവും ബേജാറും കാണിക്കുന്നതായിട്ട് കാണാം. അപ്പോൾ രാഷ്ട്രീയം പറഞ്ഞ് പറഞ്ഞ് അയാൾ ഇപ്പോൾ കോൺഗ്രസിന്റെ കൂടെ വന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ അതിൽ മുങ്ങിപ്പോകരുത്. യഥാർത്ഥത്തിൽ കുറ്റവാളിയായിട്ടുള്ള ആളിനെ പുറത്തുകൊണ്ടുവന്ന് അവർക്ക് അർഹമായ ശിക്ഷ നൽകാനാവശ്യമായിട്ടുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടത് ഗവൺമെന്റാണ്. അത് ഗവൺമെന്റിന്റെ ബാദ്ധ്യതയാണ്. ആ ബാദ്ധ്യതയിൽ നിന്ന് അങ്ങും ഗവൺമെന്റും പിൻമാറുകയില്ല എന്ന് ആശിക്കാമോ? അതിന് കൂടി ഉത്തരം കിട്ടാതെ ഇതുസംബന്ധിച്ച് എന്താണ് ചെയ്യേണ്ടത് എന്നുള്ളതിനെക്കുറിച്ച് ഞങ്ങൾ സംശയിച്ച് നിൽക്കുകയാണ്.

ശ്രീ. ഉമ്മൻചാണ്ടി: യാതൊരു സംശയവും വേണ്ട. ആരായിരുന്നാലും ചെയ്ത കുറ്റത്തിന് നടപടിയുണ്ടാകും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്കൂടി ഇടപെട്ട സ്ഥിതിക്ക് ഞാൻ ഒരു കാര്യംകൂടിപറയുകയാണ്.....(ബഹളം).....

മി. സ്പീക്കർ: എന്താണ് കാണിക്കുന്നത്, ദയവുചെയ്ത് എല്ലാവരും സഹകരിക്കണം. പറയേണ്ടത് പറയാൻ ഓരോരുത്തർക്കും അവസരം തന്നില്ലേ? ബഹളം കൂട്ടിയിട്ട് കാര്യമുണ്ടോ? പ്രതിപക്ഷനേതാവിന് സംസാരിക്കാൻ അവസരം കൊടുത്തു. എല്ലാവരം നേതാക്കളായാലോ?

ശ്രീ. ഉമ്മൻചാണ്ടി: ശ്രീ. ബിനോയ് വിശ്വം പറഞ്ഞു, അഴിമതി കാട്ടിയതിന് പാർട്ടി പുറത്താക്കിയ ആളിനെ കോൺഗ്രസ് പിൻതുണച്ചിരിക്കുന്നു എന്ന്. അങ്ങനെ പാർട്ടിയിൽനിന്ന് പുറത്താക്കിയ ഒരാൾക്ക് എതിരെ ഡിസ്ക്വാളിഫിക്കേഷൻ കൊടുക്കാൻ പറ്റുമോ? ഡിസ്ക്വാളിഫിക്കേഷൻ കൊടുത്തിരിക്കുന്നത്, പാർട്ടിയുടെ വിപ്പ് ലംഘിച്ച് വോട്ട് ചെയ്തതിനെതിരെ ഇവിടെ ഇലക്ഷൻ കമ്മീഷനിൽ കേസ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിരിക്കുകയാണ്. അങ്ങ് അതുകൂടി പരിശോധിക്കണം. അതുകൊണ്ട് യാതൊരു സംശയവും വേണ്ട. കുറ്റവാളികൾക്കെതിരെ നിയമനടപടികളെടുക്കും. പക്ഷേ ഈ നിയമസഭയിൽ വന്ന് രാഷ്ട്രീയം കൂടി കലർത്തിപറയുമ്പോൾ യാഥാർത്ഥ്യങ്ങൾ മറച്ചുവയ്ക്കരുത്. നിങ്ങൾ പാർട്ടി വിപ്പ് കൊടുത്തു .....(ബഹളം).....

മി. സ്പീക്കർ: പഞ്ചായത്ത് മെമ്പറായ ഒരു ഹരിജൻ പെൺകുട്ടിയുടെ മരണം സംബന്ധിച്ച ഒരു കാര്യം ചർച്ചചെയ്യുമ്പോൾ, ദയവ ചെയ്തു മെമ്പർമാർ മറ്റ് തരത്തിൽ വികാരഭരമായി മനുഷ്യത്വരഹിതമായി പെരുമാറരുത്. ദയവുചെയ്ത് ആത്മനിയന്ത്രണം പാലിക്കണം. സംസാരിക്കാൻ അവകാശപ്പെട്ട ആളുകൾക്ക് സംസാരിക്കാൻ സമയം കൊടുക്കുന്നുണ്ട്. അത് കേട്ടിരിക്കാൻ മറ്റുള്ളവർ ബാദ്ധ്യസ്ഥരാണ്.

ശ്രീ. ഉമ്മൻചാണ്ടി: സർ, ഞാൻ ആദ്യം പറഞ്ഞപ്പോൾ അതിന്റെ യാഥാർത്ഥ്യങ്ങൾ മാത്രമാണ് പറഞ്ഞത്. അങ്ങ് രാഷ്ട്രീയം പറഞ്ഞതുകൊണ്ടാണ് ഞാൻ പറയാൻ ബാദ്ധ്യസ്ഥനായത്. നിങ്ങൾ അച്ചടക്ക നടപടി എടുത്ത് പുറത്താക്കിയ ആളിനെ ഞങ്ങൾ (കോൺഗ്രസ്) പ്രസിഡന്റാക്കി എന്നു പറഞ്ഞു നിങ്ങളുടെ വിപ്പ് ലംഘിച്ച് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിച്ചു എന്നതാണ് ഇവിടെ ഇലക്ഷൻ കമ്മീഷന്റെ മുമ്പിൽ ഇരിക്കുന്ന കേസ്. അതുകൊണ്ട് ആദർശമൊന്നും പറയണ്ട. പക്ഷേ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ച പ്രശ്നത്തിൽ പറയുന്ന നിയമപരമായിട്ടുള്ള എല്ലാ നടപടികളും സ്വീകരിക്കും, സ്വീകരിച്ചിട്ടുണ്ട്. തുടർന്നും സ്വീകരിക്കും യാതൊരു സംശയവും വേണ്ട. ഇത് സഭ നിർത്തിവെച്ച് ചർച്ച ചെയ്യേണ്ടതില്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, പോലീസ് അയാളെ ഒരു രാജകീയമായിട്ടുള്ള നിലയിൽ ഇപ്പോഴും പ്രസിഡന്റ് എന്ന നിലയിൽത്തന്നെ ട്രീറ്റ് ചെയ്യുന്നു എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അയാൾ തെളിവ് നശിപ്പിക്കാൻ ശ്രമിച്ച ഒരു കള്ളനാണെന്ന നിലയിൽ വേണ്ടേ ട്രീറ്റ് ചെയ്യാൻ. അതുകൊണ്ട് അങ്ങ് പ്രത്യേക താൽപ്പര്യമെടുത്ത് സത്യസന്ധമായ ഒരു അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടുപിടിക്കാൻ ആവശ്യമായ ഒരു അന്വേഷണത്തിന്കൂടി ആലോചിക്കുമോ, അങ്ങനെയല്ലേ സത്യം പുറത്ത് കൊണ്ടുവരാൻ നമ്മൾ നടപടി സ്വീകരിക്കേണ്ടത്.

ശ്രീ. ഉമ്മൻചാണ്ടി: പോലീസ് വളരെ ഫലപ്രദമായും കാര്യക്ഷമമായും അന്വേഷണം നടത്തിയാണ് ആ കുറിപ്പ് കണ്ടെടുത്തത്.

LIBRARY ARCHIVES Kerala Legislative Assembly